# മഹാത്മാഗാന്ധി സർവ്വകലാശാല

**സാബു എസ്. ജോസഫ്**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447201256

പി.ആർ.ഒ./39/178/2018 2018 ആഗസ്റ്റ് 16

## പത്രക്കുറിപ്പ്

**സർവ്വകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് സെപ്റ്റംബർ 14ന്**

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ 2017-18 തെരഞ്ഞെടുപ്പ് സെപ്റ്റംബർ 14ന് സർവ്വകലാശാലാ അസംബ്ലിഹാളിൽവച്ച് നടത്തും. പ്രാഥമിക വോട്ടർപട്ടിക സെപ്റ്റംബർ 17ന് പ്രസിദ്ധീകരിക്കുന്നതാണ്. വോട്ടർപട്ടിക സംബന്ധിച്ചുള്ള പരാതികൾ ആഗസ്റ്റ് 29ന് ഉച്ചയ്ക്ക് 2 മണിവരെ സ്വീകരിക്കും. അന്തിമ വോട്ടർപട്ടിക ആഗസ്റ്റ് 30ന് പ്രസിദ്ധീകരിക്കും. നാമനിർദ്ദേശപത്രികകൾ സെപ്റ്റംബർ 5ന് ഉച്ചയ്ക്ക് 1 മണി വരെ സ്വീകരിക്കും. നാമനിർദ്ദേശ പത്രിക സൂക്ഷ്മപരിശോധന സെപ്റ്റംബർ 5ന് ഉച്ചയ്ക്ക് 2.30 മുതൽ. കൗൺസിലർമാർക്കുള്ള തിരിച്ചറിയൽ കാർഡ് അതാത് കോളേജ് പ്രിൻസിപ്പൽമാർക്ക് സെപ്റ്റംബർ 4ന് മുമ്പായി അയച്ചുകൊടുക്കുന്നതാണ്. വിജ്ഞാപനത്തിന്റെ പൂർണ്ണരൂപം, വോട്ടർപട്ടിക, നാമനിർദ്ദേശപത്രിക എന്നിവ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെ ട്രെയിനിംഗ് പ്രോഗ്രാം മാറ്റി**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ജൈവം സെൽ, ഇൻസ്റ്റിറ്റിയൂഷണൽ കൃഷിയുമായി ബന്ധപ്പെട്ട് എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്ക് ഇന്ന് (ആഗസ്റ്റ് 17) നടത്താനിരുന്ന ട്രെയിനിംഗ് പ്രോഗ്രാം മാറ്റിവച്ചു.

**എം. ജി. യിൽ സ്വാതന്ത്ര്യ ദിനാഘോഷം**

രാഷ്ട്രത്തിന്റെ 72-ാം സ്വാതന്ത്ര്യ ദിനം എം.ജി സർവ്വകലാശാലയിൽ സമുചിതമായി ആഘോഷിച്ചു. സർവ്വകലാശാലാ അങ്കണത്തിൽ വൈസ് ചാൻസലർ ഡോ : ബാബു സെബാസ്റ്റ്യൻ ദേശീയ പതാക ഉയർത്തി. തുടർന്ന് സെക്യൂരിറ്റി വിഭാഗം ജീവനക്കാരുടെ ഗാർഡ് ഓഫ് ഓണർ സ്വീകരിക്കുകയും സ്വാതന്ത്ര്യ ദിന സന്ദേശം നൽകുകയും ചെയ്തു. ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, രജിസ്ട്രാർ എം.ആർ.ഉണ്ണി, പരീക്ഷാ കൺട്രോളർ ഡോ : തോമസ് ജോൺ മാമ്പ്ര, ഫിനാൻസ് ഓഫീസർ എബ്രഹാം പുതുമന, സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ്, അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

**അടിക്കുറിപ്പ്**

**സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് എം.ജി സർവ്വകലാശാലയിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ദേശീയ പതാക ഉയർത്തുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**